ഭാരതീയ സുപ്രീം കോടതി

സിവിൽ അപ്പീൽ അധികാരപരിധി

സിവിൽ അപ്പീൽ നമ്പറുകൾ: 3239-3246 വർഷം: 2020

സ്പെഷ്യൽ ലീവ് പെറ്റീഷൻ (സി) നമ്പറുകൾ: 3008-3015 വർഷം: 2020

കേരള സംസ്ഥാനം മുതൽ പേർ ..... അപ്പീൽ വാദി (കൾ)

അഭി.

ആർ. ഡി. എസ് പ്രൊജെക്ട് ലിമിറ്റഡ്
മുതൽ പേർ .....എതിർകക്ഷി (കൾ)

വിധിന്യായം

R.F. Nariman, J.

1) അപ്പീൽ നൽകുവാൻ അനുവദിച്ചു.

2) കേരള സംസ്ഥാനത്തിന് വേണ്ടി ഹാജരായ ഭാരതത്തിന്റെ ജ്ഞാനിയായ അറ്റോർണി ജനറൽ ശ്രീ.കെ. കെ. വേണുഗോപാൽ, 1 -ആം എതിർകക്ഷിക്കു വേണ്ടി ഹാജരായ ജ്ഞാനിയായ സീനിയർ അഭിഭാഷകൻ ഡോ. അഭിഷേക് മനു സിംഗ്വി, 3-ആം എതിർകക്ഷിക്കു വേണ്ടി ഹാജരായ ജ്ഞാനിയായ സീനിയർ അഭിഭാഷകൻ ശ്രീ. ഗോപാൽ ശങ്കരനാരായണൻ, 2- ആം എതിർകക്ഷിക്കു വേണ്ടി

ഹാജരായ ജ്ഞാനിയായ സീനിയർ അഭിഭാഷകൻ ശ്രീ. ജയ്ദീപ് ഗുപ്ത, 9- ആം എതിർകക്ഷിക്കു വേണ്ടി ഹാജരായ ജ്ഞാനിയായ സീനിയർ അഭിഭാഷകൻ ശ്രീ. റാണ മുഖർജി, 4-ഉം 5-ഉം എതിർകക്ഷികൾക്കു വേണ്ടി ഹാജരായ ജ്ഞാനിയായ സീനിയർ അഭിഭാഷകൻ ശ്രീ. വി. ഗിരി എന്നിവരുടെ വാദം കേട്ടു. കേരള സംസ്ഥാനത്തെ കൊച്ചി സിറ്റിയിലെ ദേശീയപാതയിലുള്ള പാലാരിവട്ടം മേൽപ്പാലം എന്ന പദ്ധതിയെ സംബന്ധിക്കുന്നതാണ് ഹൈക്കോടതിയുടെ ചോദ്യം ചെയ്യപ്പെടുന്ന വിധിന്യായം. 1-ആം എതിർകക്ഷിയാണ് ഇത് നിർമ്മിച്ചത്, 12.10.2016 ന് ഉദ്ഘാടനം ചെയ്തു. എന്നിരുന്നാലും, ഈ മേൽപ്പാലം ഉപയോഗിച്ച് ഒരു വർഷത്തിനുശേഷം, പാലത്തിന്റെ പതിവ് പരിശോധനയിൽ ഭാരത സർക്കാർ റോഡ് ഗതാഗത, ദേശീയപാത മന്ത്രാലയത്തിന്റെ കൺസൾട്ടൻസി ഏജൻസി, പാലം നിരവധി വിള്ളലുകളോടെ ദുരിതത്തിലാണെന്നും തൽഫലമായി മേൽപ്പാലം പുനരധിവസിപ്പിക്കാൻ നടപടിയെടുക്കണമെന്നും 16.03.2018 ന് റിപ്പോർട്ട് ചെയ്തു. അതിനുശേഷം മദ്രാസിലെ ഐഐടിയെ ഒരു

വിദഗ്ധ ഏജൻസിയായി നിയമിച്ചു, അവർ നൽകിയ നിരവധി റിപ്പോർട്ടുകൾ പ്രകാരം പാലത്തിന് ഒരു കാർബൺ ഫൈബർ ഫാബ്രിക് സംയോജിത പരിരക്ഷ പിന്തുടരാമെന്നും പൊളിക്കുന്നതിന് പകരം നന്നാക്കാൻ കഴിയുമെന്നുമാണ്. അതേസമയം, ഡോ. ഇ. ശ്രീധരൻ 03.07.2019 ന് കേരള മുഖ്യമന്ത്രിക്ക് ഒരു റിപ്പോർട്ട് സമർപ്പിച്ചതിൽ പാലത്തിന്റെ നിലനിൽപ്പ് ഉറപ്പുവരുത്താനായി ആർസിസി ഗർഡറുകൾക്കുപകരം പിഎസ്സി ഗർഡറുകൾ വയ്ക്കാനും ബലപ്പെടുത്താനും, അതിനായി പാലം പൊളിച്ചു പണിയാനും ശുപാർശ ചെയ്തു. ഡോ. ഇ. ശ്രീധരൻ 14.09.2019 ലെ ഒരു റിപ്പോർട്ടിൽ ഐഐടി റിപ്പോർട്ടുകൾ പരാമർശിച്ചുവെങ്കിലും തന്റെ പദ്ധതി നടപ്പാക്കുകയാണെങ്കിൽ പുതുതായി നിർമ്മിക്കുന്ന മേൽപ്പാലത്തിന് 100 വർഷത്തെ ഗ്യാരണ്ടി നൽകുമെന്നു പ്രസ്താവിച്ചു കൊണ്ട് ആയതിനോട് വിയോജിപ്പ് രേഖപ്പെടുത്തി.

3) വ്യത്യസ്തമായ ഈ അഭിപ്രായപ്രവാഹങ്ങൾ കണക്കിലെടുത്ത്, സംസ്ഥാന സർക്കാർ താഴെ പറയുന്ന അഞ്ച് വ്യക്തികളെ ഉൾപ്പെടുത്തി ഒരു ഉന്നതതല സമിതി രൂപീകരിച്ചു :-

1. ശ്രീ അശോക് കുമാർ എം (കൺവീനർ)
ദേശീയപാതകളുടെ ചീഫ് എഞ്ചിനീയർ
പൊതുമരാമത്ത് വകുപ്പ്
തിരുവനന്തപുരം
2. ശ്രീ എസ്.മനോ മോഹൻ (അംഗം)
ചീഫ് എഞ്ചിനീയർ, ബ്രിഡ്ജസ്,
പൊതുമരാമത്ത് വകുപ്പ്
തിരുവനന്തപുരം
3. ശ്രീ എം. എൻ. ജീവരാജ് (അംഗം)
ചീഫ് എഞ്ചിനീയർ (റിട്ട.),
പൊതുമരാമത്ത് വകുപ്പ്
തിരുവനന്തപുരം
4. ശ്രീ എസ്. സാജു (അംഗം)
സീനിയർ ബ്രിഡ്ജ് എഞ്ചിനീയർ,
പൊതുമരാമത്ത് വകുപ്പ്
തിരുവനന്തപുരം
5. ശ്രീ എസ്.എം. അഷ്റഫ് (അംഗം)
സീനിയർ സ്ട്രക്ചറൽ എഞ്ചിനീയർ,
പൊതുമരാമത്ത് വകുപ്പ്
തിരുവനന്തപുരം

4) എഞ്ചിനീയർമാരായ വിദഗ്ധരെ കൂടാതെ, അവരിൽ ഒരാൾ സീനിയർ ബ്രിഡ്ജ് എഞ്ചിനീയറും, പിഡബ്ല്യുഡിയുടെ സീനിയർ സ്ട്രക്ചറൽ എഞ്ചിനീയറും ഈ കമ്മിറ്റിയിൽ അംഗമായിരുന്നു എന്നത് ശ്രദ്ധയിൽപ്പെടും. ഈ കമ്മിറ്റി, ഐഐടി റിപ്പോർട്ടുകളും ശ്രീധരൻ റിപ്പോർട്ടും വിശദമായി പഠിച്ചതിനു ശേഷം ഇങ്ങനെ ഉപസംഹരിച്ചു :

"9. <u>ഉപസംഹാരം</u>

"a. ഐഐടി ചെന്നൈ നടത്തിയ പരിശോധനകൾ ഐഎസ് കോഡുകളും ഐആർസി ശുപാർശകളും പ്രകാരമാണ്. ഐഐടി ചെന്നൈ ഒരു പ്രമുഖവും പ്രശസ്തവുമായ സ്ഥാപനമായതിനാൽ അവരുടെ കണ്ടെത്തലുകൾ അംഗീകരിക്കാനും ആശ്രയിക്കാനും കഴിയും. എന്നിരുന്നാലും, ഐആർസി 112:2011 - ൽ വ്യക്തമാക്കിയ ഒരു ഭാരപരിശോധന ചെന്നൈ ഐഐടി നിർദ്ദേശിച്ചിട്ടില്ല. കാരണങ്ങൾ അവരുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല. ചില ഗർഡറുകളിലെ വിള്ളൽ വീതി ഭാരപരിശോധനയുടെ അനുയോജ്യമായ മാനദണ്ഡങ്ങളിലൊന്നായ അനുവദനീയമായ പരിധികൾ കവിഞ്ഞതിനാൽ, ബലപ്പെടുത്തുന്നതിന് മുമ്പ് ഒരു ഭാരപരിശോധന ചെയ്യുന്നതിൽ അർത്ഥമില്ലെന്ന് ഐഐടി തീരുമാനിച്ചിരിക്കാം. എന്നിരുന്നാലും, മേൽപ്പാലം ബലപ്പെടുത്തിയ ശേഷം ഭാരപരിശോധന ഐഐടി ശുപാർശ ചെയ്തിട്ടുണ്ട്. ഐആർസി ശുപാർശകൾ പ്രകാരം മേൽപ്പാലം ബലപ്പെടുത്തുന്നതിനുള്ള പദ്ധതി ഐഐടി നിർദ്ദേശിച്ചു. എന്നാൽ,

ബലപ്പെടുത്തിയതിന് ശേഷം മേൽപ്പാലത്തിന്റെ സേവനകാലയളവിനെക്കുറിച്ച് ഐഐടി പരാമർശിച്ചിട്ടില്ല. ഐഐടി നിർദ്ദേശിച്ച ബലപ്പെടുത്തൽ ജോലികൾ ചെയ്ത ശേഷമുള്ള ഏതെങ്കിലും ഘടനയുടെ സേവനകാലയളവിനെക്കുറിച്ചും ഐആർസി പരാമർശിക്കുന്നില്ല.

ബി) ഡോ. ഇ. ശ്രീധരൻ സൂചിപ്പിച്ചതുപോലെ, ഗുണനിലവാരമുള്ള വസ്തുക്കളും കർശനമായ സാങ്കേതിക മേൽനോട്ടവും ഉപയോഗിച്ച് ജോലിയുടെ ഗുണനിലവാരം ഉറപ്പുവരുത്തി ശരിയായ രൂപകൽപ്പനയോടുകൂടിയ ഒരു പുതിയ നിർമ്മാണം നിർവ്വഹിക്കുന്നതിലൂടെ 100 വർഷത്തെ സേവനകാലയളവ് പ്രതീക്ഷിക്കാം.

സി) ഡോ.ഇ.ശ്രീധരൻ നിർദ്ദേശിച്ച പ്രകാരം സൂപ്പർ സ്ട്രക്ചർ പൊളിച്ച് മാറ്റിസ്ഥാപിക്കാനുള്ള നിർദ്ദേശത്തിന്റെ നിർമ്മാണ ചെലവ് (18.71 കോടി) വരും, ഇത് ഐഐടി നിർദ്ദേശിച്ച ബലപ്പെടുത്തൽ പദ്ധതിയുടെ ചിലവിന്റെ ഇരട്ടി വരും (7.31 കോടി). രണ്ട് കേസുകൾക്കും ആവശ്യമായ പൂർത്തീകരണ സമയം ഏതാണ്ട്

തുല്യമാണ്.

d) സാധാരണഗതിയിൽ പഴയതും കേടുവന്നതുമായ, 40 വർഷത്തിനു മുകളിൽ സേവനകാലാവധിയുള്ള പാലങ്ങളുടെ കാര്യത്തിൽ പുനരുദ്ധാരണം/ബലപ്പെടുത്തൽ ആവശ്യമാണ്, കൂടാതെ പാലത്തിന്റെ/മേൽപ്പാലത്തിന്റെ ചുരുക്കം ഭാഗങ്ങളിലോ സ്ഥലങ്ങളിലോ ബലപ്പെടുത്തൽ ആവശ്യമാണ്. പാലാരിവട്ടം മേൽപ്പാലത്തിന്റെ കാര്യത്തിൽ ഐഐടി ചെന്നൈയുടെ കണ്ടെത്തൽ പ്രകാരം 102 ഗിർഡറുകളിൽ 97 ആർസിസി ഗിർഡറുകൾക്കു ശക്തിപ്പെടുത്തൽ ആവശ്യമാണ് അത് സൂപ്പർ സ്ട്രക്ച്ചറിൽ വിപുലമായ ശക്തിപ്പെടുത്തൽ ജോലിയാണ് .

മേൽപ്പറഞ്ഞ എല്ലാ ഘടകങ്ങളുടെയും അടിസ്ഥാനത്തിൽ, 100 വർഷത്തെ സേവനകാലാവധി ഉറപ്പുനൽകുന്നുവെന്ന ഡോ. ശ്രീധരന്റെ നിർദ്ദേശം അംഗീകരിക്കുന്നതാണ് നല്ലതെന്നു കമ്മിറ്റി അഭിപ്രായപ്പെടുന്നു."

5) കേരള സംസ്ഥാനം, 25.10.2019 ലെ ഒരു സർക്കാർ ഉത്തരവ് പ്രകാരം ഈ ഉന്നതതല കമ്മിറ്റി റിപ്പോർട്ട് പരിശോധിക്കുകയും താഴെ

പറയും പ്രകാരം അത് അംഗീകരിക്കുകയും ചെയ്യ:

"6. സർക്കാർ മുഴുവൻ കാര്യങ്ങളും വിശദമായി പരിശോധിക്കുകയും സാങ്കേതിക സമിതിയുടെ ശുപാർശകൾ അംഗീകരിക്കാനും അതിനനുസരിച്ച് മുന്നോട്ട് പോകാനും തീരുമാനിച്ചു.

മുകളിൽ പറഞ്ഞ ആറാമത്തെ കത്ത് അനുസരിച്ച് പുനരുദ്ധാരണത്തിനായി പാലം ഏറ്റെടുക്കാൻ ദില്ലി മെട്രോ റെയിൽ കോർപ്പറേഷൻ നൽകിയ വാഗ്ദാന കത്ത് സ്വീകരിക്കാനും തീരുമാനിച്ചു. സർക്കാരിന്റെ അംഗീകാരത്തിനായി ഡിഎംആർസി വിശദമായ ഇനം തിരിച്ചുള്ള മൂല്യനിർണയം സമർപ്പിക്കും. വിശദമായ മൂല്യനിർണയത്തിന്റെ അടിസ്ഥാനത്തിൽ, ധനകാര്യ വകുപ്പ് ഇതിനായി ഉചിതമായ അക്കൗണ്ട് ഹെഡിൽ ഫണ്ട് അനുവദിക്കും. ആർബിഡിസികെ ബ്രിഡ്ജ് സൈറ്റ് കടബാധ്യതയൊന്നുമില്ലാതെ ഡിഎംആർസിക്ക് കൈമാറ്റം ചെയ്യും.

7. മദ്രാസിലെ ഐഐടി റിപ്പോർട്ട്, ഡോ. ഇ. ശ്രീധരന്റെ റിപ്പോർട്ട്, മൂവാറ്റുപുഴ വിജിലൻസ് കോടതിയിലെ 1/2019 കേസിൽ ഫയൽ ചെയ്ത എഫ്ഐആർ എന്നിവയുടെയും, കരാറിന്റെ പ്രസക്തമായ

വ്യവസ്ഥകളുടെയും വെളിച്ചത്തിൽ കരാറുകാരനിൽ നിന്ന് സർക്കാരിന് സംഭവിച്ച നഷ്ടം ആർബിഡിസികെ ഈടാക്കും. പിഡബ്ല്യുഡി മാന്വൽ അനുസരിച്ച് ആർബിഡിസികെ കരാറുകാരനെതിരെ നടപടികൾ ആരംഭിക്കും.

8. ഈ ഉത്തരവ് 2019 ലെ WP(C) 25343, 25362, 26405 എന്നിവയിലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അന്തിമ തീർപ്പിന് വിധേയമായിരിക്കും. ”

6) ഈ ഘട്ടത്തിൽ, മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിനെതിരെ കേരള ഹൈക്കോടതിയിൽ 1-ആം എതിർകക്ഷി ഒരു റിട്ട് പെറ്റീഷൻ ഫയൽ ചെയ്തു. അപവദിത വിധിന്യായത്തിൽ, കേരള ഹൈക്കോടതി പ്രത്യേകിച്ചും 1-ആം എതിർകക്ഷിയായ കരാറുകാരനും സംസ്ഥാനവും തമ്മിലുള്ള യഥാർത്ഥ ടെൻഡറിന്റെ 11-ആം ഉപവാക്യത്തിലുള്ള നിബന്ധനകളിലേക്ക് പോയി, തുടർന്ന് വിവിധ റിപ്പോർട്ടുകൾ പരിഗണിച്ചു. വലിയ തോതിൽ അഴിമതി നടന്നിട്ടുണ്ടെന്ന ആരോപണം ഉള്ളതിനാൽ വിജിലൻസ് അന്വേഷണം നടത്തിയതായും ഹൈക്കോടതി ശ്രദ്ധിച്ചു, കൂടാതെ ഇതിന്റെ ഭാഗമായി തൃശ്ശൂരിലെ

ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ വിദഗ്ധരുടെ സംഘം 2183 വിള്ളലുകൾ ഉണ്ടെന്ന് റിപ്പോർട്ട് ചെയ്തു, അതിൽ 99 വിള്ളലുകളുടെ വീതി 0.3 മില്ലീമീറ്ററിനു മുകളിലാണ് കൂടാതെ പിയർ ക്യാപുകളിൽ 83 വിള്ളലുകളും ഇതിൽ 5 വിള്ളലുകൾ 0.3 മില്ലീമീറ്റർ വീതിയുള്ളതുമാണ് .

7) 3-ആം എതിർകക്ഷിയായ കിറ്റ്കോ ഉൾപ്പെടെ എല്ലാ കക്ഷികൾക്കും വേണ്ടി ഹാജരാകുന്ന അഭിഭാഷകരുടെയും അഭിപ്രായത്തിൽ മേൽപ്പാലത്തിനെക്കുറിച്ച് കൂടുതലായി എന്തെങ്കിലും ചെയ്യുന്നതിന് മുമ്പ് ഒരു ഭാരപരിശോധന അത്യാവശ്യമാണെന്ന വാദങ്ങൾ പരിഗണിച്ചതിന് ശേഷം, ഹൈക്കോടതി ഇങ്ങനെ ഉപസംഹരിച്ചു :

"19. കക്ഷികൾ തമ്മിലുള്ള കരാർ നിബന്ധനകൾ അനുസരിച്ച്, പാലത്തിന്റെ ശക്തി കണ്ടെത്തുന്നതിനും പ്രതീക്ഷിച്ച കരുത്ത് ഉണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ഭാരപരിശോധന നടത്തേണ്ടതുണ്ട് എന്ന വസ്തുതയെക്കുറിച്ച് തർക്കമില്ല. കരാറുകാരന്റെ അഭിപ്രായത്തിൽ, ഗർഡറുകളിൽ ചില വിള്ളലുകൾ ഉണ്ടായിട്ടുണ്ടെങ്കിലും, അതിനു

അറ്റകുറ്റപ്പണികൾ മാത്രമേ ആവശ്യമുള്ളുവെന്നും അത് ചെയ്യുവാൻ കരാറുകാരൻ തയ്യാറാണെന്നും മാത്രമല്ല ഇത് പാലത്തിന്റെ ശക്തിയെ ഒരു തരത്തിലും ബാധിക്കുകയില്ലെന്നുമാണ്. കിറ്റ്കോ കൺസൾട്ടന്റും സമാനമായ അഭിപ്രായം പ്രകടിപ്പിച്ചിരുന്നു.അവരുടെ അഭിപ്രായത്തിൽ, പാലത്തിന്റെ ശക്തി കണ്ടെത്തുന്നതിന് ഭാരപരിശോധന നിർബന്ധമാണ്, കൂടാതെ ഗർഡറുകളും പ്ലാറ്റ്ഫോമും പൊളിച്ചുമാറ്റുകയാണെങ്കിൽ, അത്തരമൊരു അവസരം നഷ്ടപ്പെടും. സർക്കാരും അതിന്റെ അധികാരികളും ഒരു ഭാരപരിശോധനയ്ക്ക് അനുകൂലമല്ല, കാരണം ഈ വിള്ളലുകൾ പൊളിച്ചുമാറ്റണമെന്ന നിഗമനത്തിലെത്താൻ മേൽപ്പറഞ്ഞ വിള്ളലുകൾ തന്നെ മതിയെന്ന് അവർ കരുതുന്നു. പ്ലാറ്റ്ഫോമും ഗർഡറുകളും നീക്കംചെയ്യാൻ സർക്കാർ നേരത്തെ തീരുമാനമെടുത്തിരുന്നു. അത് നീക്കംചെയ്ത് പൊളിച്ചുമാറ്റിയാൽ, ഇപ്പോഴത്തെ ഘടനയുടെ ശക്തി നിർണ്ണയിക്കാൻ കഴിഞ്ഞേക്കില്ല, ഇത് സർക്കാർ ഉൾപ്പെടെയുള്ള എല്ലാ തല്പരകക്ഷികളുടെയും അവകാശത്തെ മുൻവിധിയോടെ ബാധിച്ചേക്കാം. ഘടന പൊളിക്കേണ്ട ആവശ്യമില്ലെന്ന്

ഭാരപരിശോധന തെളിയിക്കുമെന്ന് കരാറുകാരനും കൺസൾട്ടന്റും ഇപ്പോഴും വിശ്വസിക്കുന്നു. അതിനാൽ, കൂടുതൽ വിവാദങ്ങളുണ്ടാകാതിരിക്കാൻ, പ്ലാറ്റ്ഫോമും ഗർഡറുകളും പൊളിക്കുന്നതിനുമുമ്പ് ഒരു ഭാരപരിശോധന നടത്തുന്നത് നല്ലതാണ്. അത്തരം ഭാരപരിശോധന നടത്തിയ ശേഷം, അവർ ഇതിനകം തീരുമാനിച്ച രീതിക്ക് അനുസൃതമായി മുന്നോട്ട് പോകണോ അതോ വിഷയത്തിൽ മറ്റൊരു സമീപനം സ്വീകരിക്കണോ എന്ന് തീരുമാനിക്കാൻ സർക്കാരിനും അതിന്റെ അധികാരികൾക്കും അവസരമുണ്ട്.

ഫലത്തിൽ, ഇനിപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

(i) പാലാരിവട്ടം മേൽപ്പാലത്തിന്റെ ഭാരപരിശോധന, അത്തരമൊരു പരിശോധന നടത്താൻ പ്രാപ്തിയുള്ള ഒരു അംഗീകൃത, യോഗ്യതയുള്ള ഏജൻസി വഴി എല്ലാ തല്പരകക്ഷികൾക്കും അറിയിപ്പ് നൽകികൊണ്ട് സർക്കാർ നടത്തും .

(ii) ഭാരപരിശോധന നടത്തുന്നതിനുള്ള മുഴുവൻ ചെലവും WP (C) നമ്പർ 26030/2019 ലെ ഹർജിക്കാരൻ വഹിക്കും.

(iii) മുഴുവൻ പ്രക്രിയയും മൂന്നുമാസത്തിനുള്ളിൽ അല്ലെങ്കിൽ സാധ്യമായത്ര നേരത്തെയുള്ള തീയതിയിൽ പൂർത്തിയാക്കും.

(iv) ഭാരപരിശോധനനടത്തിയ ശേഷം, ബന്ധപ്പെട്ട ഏജൻസിയുടെ റിപ്പോർട്ടിനൊപ്പം സർക്കാർ ഈ കോടതിയിൽ ഒരു റിപ്പോർട്ട് ഫയൽ ചെയ്യും. "

8) ഹൈക്കോടതി വിധി പരിശോധിച്ചുകഴിഞ്ഞാൽ, ജുഡീഷ്യൽ അവലോകനത്തിന്റെ സുസ്ഥാപിതമായ മാനദണ്ഡങ്ങൾ പ്രയോഗിക്കുന്നതിനും സംസ്ഥാന സർക്കാരിന്റെ തീരുമാനം 14-ആം അനുച്ഛേദത്തിന്റെ ലംഘനമാകുമോയെന്നു കണ്ടെത്തുന്നതിനും പകരം ഹൈക്കോടതി "ഇക്കാര്യത്തിൽ കൂടുതൽ വിവാദങ്ങൾ ഉണ്ടാകാതിരിക്കാൻ ഭാരപരിശോധന നടത്തുന്നത്" നല്ലതാണ് എന്ന് പ്രസ്താവിച്ചു.

9) ഐഐടി മദ്രാസ്, ഡോ. ഇ. ശ്രീധരൻ എന്നിവരുടെ വ്യത്യസ്ത അഭിപ്രായങ്ങൾ പഠിക്കാൻ അഞ്ച് വിദഗ്ധരുടെ ഉന്നതതല സമിതിയായ ഒരു വിദഗ്ധ സമിതി രൂപീകരിച്ചു എന്ന വസ്തുതയും, വിദഗ്ധർ ഒരു പ്രത്യേക നിഗമനത്തിലെത്തി എന്നതും

കണക്കിലെടുത്ത് അത്തരം വിദഗ്ധ സമിതി റിപ്പോർട്ട് സ്വീകരിക്കുന്നതിൽ സർക്കാർ ഏകപക്ഷീയമായി പെരുമാറിയെന്ന് പറയാൻ വളരെ പ്രയാസമാണ്. ഈ കാരണത്താൽ മാത്രം, ഞങ്ങൾ ഹൈക്കോടതിയുടെ വിധിന്യായവും അവലോകന വിധിന്യായവും അസ്ഥിരപ്പെടുത്തുന്നു .

10) മേൽപ്പറഞ്ഞ കാരണങ്ങളാൽ, അപ്പീലുകൾ അനുവദിച്ചിരിക്കുന്നു.

11) ഹൈക്കോടതിയുടെ മുമ്പാകെ പരിഗണനയിൽ ഇരിക്കുന്ന റിട്ട് ഹർജികൾ ഇന്നു മുതൽ ആറ് മാസത്തിനകം തീർപ്പാക്കണം.

..... J.
(ROHINTON FALI NARIMAN)
..... J.
(NAVIN SINHA)
..... J.
(INDIRA BANERJEE)

ന്യൂഡൽഹി,
സെപ്റ്റംബർ 22, 2020.

ബാദ്ധ്യതാ നിരാകരണം: പ്രാദേശിക ഭാഷയിൽ വിവർത്തനം ചെയ്ത വിധിന്യായം വ്യവഹാരിയുടെ ഭാഷയിൽ മനസ്സിലാക്കുന്നതിനുള്ള നിയന്ത്രിത ഉപയോഗത്തെ ഉദ്ദേശിച്ചിട്ടുള്ളതാണ്; മറ്റേതെങ്കിലും ആവശ്യങ്ങൾക്കായി അത് ഉപയോഗിക്കാവുന്നതല്ല. എല്ലാവിധ

പ്രായോഗികവും ഔദ്യോഗികവുമായ ആവശ്യങ്ങൾക്ക് വിധിന്യായങ്ങളുടെ ഇംഗ്ലീഷ് പതിപ്പാണ് ആധികാരികം, അത് എല്ലാ ആവശ്യങ്ങളും നടപ്പാക്കുന്നതിനും നടപ്പിലാക്കുന്നതിനും ആധികാരികമായി തുടരുകയും ചെയ്യുന്നതാണ്.

Translated by: Radha Lakshmy S.A., Translator.

Verified by : Assainar.A., Head Translator